## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1810** **08/06/2018-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുള്ള | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിലെ ഭൂരഹിതർക്കായുള്ള ഫ്ലാറ്റ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | എ) | ആദ്യ ഘട്ടമായി 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയം വീതം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കാസർഗോഡ്, കൊല്ലം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളാണ് താൽപര്യം അറിയിച്ചിട്ടുള്ളത് ; സംസ്ഥാനത്തൊട്ടാകെ ഒരേ ഏജൻസിയെയാണോ ഈ പദ്ധതി നടപ്പാക്കുന്നതിനായി ഉത്തരവാദപ്പെടുത്തിയിട്ടുള്ളത് ; | (ബി) | നിലവിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓപ്പൺ ടെണ്ടർ (ഇ-ടെണ്ടർ) ആണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഏത് ഏജൻസികൾക്കും ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേകിച്ച് ഒരു ഏജൻസിയെ ചുമതലപെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി എപ്പോഴേക്ക് പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ നൽകുമോ? | (സി) | പദ്ധതിയുടെ ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ് . ടെൻഡർ അംഗീകരിച്ച് കരാറുടമ്പടി വച്ചാൽ 10 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് . |

**സെക്ഷൻ ഓഫീസർ**